**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടറുടെ നടപടിക്രമം**
**(സാന്നിദ്ധ്യം: ഷാനവാസ് എസ്, ഐ.എ.എസ്)**

വിഷയം: കൊറോണ വൈറസ് (കോവിഡ് 19) രോഗ വ്യാപന സാഹചര്യത്തിലെ 2021 പുതുവത്സരാഘോഷം - നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു

പരാമർശം: ദുരന്ത നിവാരണം (എ) വകുപ്പിന്റെ 30.12.2020 ലെ സ.ഉ. (ആർ.ടി) 987/2020 DMD നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ: DCTSR/H4/14476/2019 തീയ്യതി 31.12.2020**

കൊറോണ വൈറസ് ബാധ (കോവിഡ് 19) ലോകവ്യാപകമായി അതിവേഗം പടർന്നു പിടിക്കുകയാണ്. ലോകാരോഗ്യ സംഘടന ഇതിനെ ഒരു മഹാമാരിയായി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയവും കോവിഡ് 19 നെ അംഗീകൃത ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി പ്രതിരോധ പ്രതികരണ നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തും (കോവിഡ് 19) ന്റെ രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും അതീവ ജാഗ്രതയിലാണ്. ഇതിനായുള്ള മുൻകരുതലുകൾ പലതും ഉത്തരവുകളായും ഉപദേശരൂപേണയും ഇതിനകം തന്നെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നല്കികഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ പുതുവത്സരാഘോഷവേളയിൽ ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപന തെരഞ്ഞെടുപ്പുകൾക്കുശേഷം സംജാതമായ കോവിഡ് വ്യാപന സാഹചര്യത്തിന്റെയും ജനിതകമാറ്റം സംബന്ധിച്ച കോവിഡ് വൈറസ് വ്യാപന ഭീഷണിയുടെയും പശ്ചാത്തലത്തിൽ പുതുവത്സരാഘോഷ വേളയിൽ നിയന്ത്രണങ്ങൾ ജില്ലയിൽ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ കളക്ടറുമായ ഷാനവാസ് എസ് ഐ.എ.എസ് എന്ന ഞാൻ ദുരന്ത നിവാരണ നിയമം 2005 ലെ 26(2), 30,33, 34 എന്നീ വകുപ്പുകൾ പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1. പുതുവത്സര ആഘോഷങ്ങളിൽ കോവിഡ് 19 പ്രോട്ടോകോൾ കർശനമായി പാലിക്കേണ്ടതാണ്. പൊതു സ്ഥലങ്ങളിൽ ജനങ്ങൾ കൂട്ടം കൂടുന്നത് കർശനമായി നിയന്ത്രിച്ചിരിക്കുന്നു. എല്ലാ പുതുവത്സരാഘോഷങ്ങളും രാത്രി 10 മണി വരെ ക്രമീകരിച്ചിരിക്കുന്നു.

2. പുതുവത്സരാഘോഷം നടത്തപ്പെടുന്ന സ്ഥലങ്ങൾ ഇടവിട്ടുള്ള സമയങ്ങളിൽ അണുവിമുക്തമാക്കി ശുചീകരിക്കേണ്ടതും ടി സ്ഥലങ്ങളിൽ ഡെസ്റ്റ് ബിന്നുകൾ സാനിറ്റൈസറുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പ് വരുത്തേണ്ടതുമാണ്.

3. പുതുവത്സരദിനത്തിന്റെ തലേനാളായ 31.12.2020 നും പുതുവത്സരദിനമായ 01.01.2021 നും ജില്ലയിലെ എല്ലാ ബീച്ചുകളിലേക്കുമുള്ള പ്രവേശനം സൂചന ഉത്തരവിന്റെ അടിസ്ഥാനത്തിൽ രാത്രി 10 വരെ നിജപ്പെടുത്തുന്നു. രാത്രി 10 മണിക്ക് ശേഷം ഒരു സന്ദർശകരെയും ബീച്ചുകളിലോ മറ്റു പൊതു ആഘോഷങ്ങൾ സംഘടിപ്പിക്കുന്ന സ്ഥലങ്ങളിലോ തുടരാൻ അനുവദിക്കാൻ പാടുള്ളതല്ല. ബീച്ചുകളോടു ചേർന്നുള്ള അംഗീകൃത കച്ചവട സ്ഥാപനങ്ങൾ വൈകുന്നേരം 10 മണി വരെ പ്രവർത്തിക്കാവുന്നതാണ്.
(നടപടി - ജില്ലാ പോലീസ് മേധാവി തൃശ്ശൂർ സിറ്റി / റൂറൽ)

4. ജില്ലയിലെ എല്ലാ ബീച്ചുകളിലും മറ്റു പൊതു ഇടങ്ങളിലും സന്ദർശകർ തമ്മിൽ ശാരീരിക അകലവും മറ്റു കോവിഡ് മാനദണ്ഡങ്ങളും പാലിക്കുന്നതിന് പോലീസുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ എന്നിവർ ചേർന്ന് ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയോഗിക്കേണ്ടതും വിവരം ജില്ലാ പോലീസ് മേധാവി തൃശ്ശൂർ സിറ്റി & റൂറൽ നെ വിവരം അറിയിക്കേണ്ടതുമാണ്.

(നടപടി - എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ, ജില്ലാ മെഡിക്കൽ ഓഫീസർ)

5. മദ്യപിച്ചും അലക്ഷ്യമായും അമിതവേഗതയിലും വാഹനം ഓടിക്കുന്നത് തടയുന്നതിനായി 31.12.2020 ന് ഉച്ചതിരിഞ്ഞ് 4 മണി മുതൽ രാവിലെ 5 മണി വരെ മോട്ടോർ വാഹന വകുപ്പ് പ്രത്യേക സ്ക്വാഡിനെ നിയോഗിക്കേണ്ടതാണ്. സിറ്റി & റൂറൽ പോലീസിന്റെ പരിധിയിൽ പോലീസുമായി ചേർന്ന് സംയുക്ത വാഹന പരിശോധന നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്യേണ്ടതും, സബ് ഡിവിഷനിലേക്ക് പ്രത്യേകം സ്ക്വാഡിനെ നിയോഗിച്ച് തൃശ്ശൂർ ജില്ലാ പോലീസ് മേധാവി റൂറൽ & സിറ്റി യെ വിവരം അറിയിക്കേണ്ടതുമാണ്.

(നടപടി - റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, തൃശ്ശൂർ)

6. ജില്ലയിലെ ബീച്ച് - ടൗൺ - ഹൈവേ പരിസരങ്ങളിലെ ഭക്ഷണശാലകളിൽ വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര ശുചിത്വ പരിശോധന ഉറപ്പുവരുത്തേണ്ടതാണ്.
(നടപടി - ഭക്ഷ്യ സുരക്ഷാ വകുപ്പ് അസിസ്റ്റന്റ് കമ്മീഷണർ, തൃശ്ശൂർ)

7. ബീച്ചുകളിലെ സുരക്ഷക്ക് നിലവിലുള്ള ലൈഫ്ഗാർഡുകൾക്ക് പുറമെ അധികം ലൈഫ് ഗാർഡുകളെ നിയോഗിക്കാൻ അടിയന്തിരമായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നടപടി സ്വീകരിക്കേണ്ടതും സൂചന ഉത്തരവിലെ കോവിഡ് മാനദണ്ഡങ്ങൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ആവശ്യമെങ്കിൽ ബീച്ച് പ്രദേശങ്ങളിലും ആഘോഷങ്ങൾ സംഘടിപ്പിക്കുന്ന മറ്റു പ്രദേശങ്ങളിലും പോലീസിന്റെ നിർദ്ദേശപ്രകാരം ഡ്രോൺ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
(നടപടി - സെക്രട്ടറി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ)

8. ജില്ലയിൽ പുതുവത്സരാഘോഷങ്ങൾ സംഘടിപ്പിക്കുന്ന പ്രദേശങ്ങളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുള്ള പ്രത്യേക നടപടി സ്വീകരിക്കേണ്ടതാണ്. ആയതിനായി സിറ്റി & റൂറൽ പോലീസ് ജില്ലയിൽ എക്സൈസ് വകുപ്പുമായി ചേർന്ന് സംയുക്തപരിശോധന നടത്തേണ്ടതുമാണ്.
(നടപടി - ജില്ലാ പോലീസ് മേധാവി സിറ്റി & റൂറൽ, ഡെപ്യൂട്ടി കമ്മീഷണർ ഓഫ് എക്സൈസ്, തൃശ്ശൂർ.)

9. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കൂടിയായ തഹസിൽദാർമാർ ബന്ധപ്പെട്ട പോലീസ് സബ് ഡിവിഷൻ മേധാവിമാർക്കും ഏത് സമയത്തും ബന്ധപ്പെടാവുന്ന വിധം 31.12.2020, 01.01.2021 എന്നീ തീയ്യതികളിൽ മുഴുവൻ സമയവും അവരവരുടെ അധികാര പരിധിയിൽ ഉണ്ടായിരിക്കേണ്ടതാണ്.
(നടപടി - ജില്ലയിലെ എല്ലാ തഹസിൽദാർമാർക്കും)

10. പുതുവത്സരത്തോടനുബന്ധിച്ച് ജില്ലയിലെ ആരാധനാലയങ്ങളിൽ നടത്താറുള്ള നൈറ്റ് പ്രയർ നിലവിലെ കോവിഡ് മാനദണ്ഡങ്ങൾക്കും സൂചന ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായി നടത്താവുന്നതാണ്. ആയത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് നടത്തുന്നത് എന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്.

11. പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് ടൗൺ, ബീച്ച്, ഹൈവേ, പൊതു കവലകൾ എന്നീ സ്ഥലങ്ങളിൽ നിശ്ചിത പാർക്കിംഗ് സ്ഥലത്തിന് പുറത്ത് റോഡിന്റെ വശങ്ങളിലോ വാഹനങ്ങൾ നിർത്തിയിടാൻ അനുവദിക്കാൻ പാടുള്ളതല്ല. തിരക്ക് നിയന്ത്രിക്കുന്നതിന് ആവശ്യമുള്ള പക്ഷം പോലീസിന് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതുമാണ്.

മേൽ ഉത്തരവുകൾ ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ചവ്യാധി നിയന്ത്രണ നിയമം അനുസരിച്ചും 1875 ലെ പൊതുജനാരോഗ്യ നിയമപ്രകാരവും, സൂചന സ.ഉ. 2005 ലെ ദുരന്തനിവാരണ നിയമ പ്രകാരവും നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്
ജില്ലാ കളക്ടർ & ജില്ലാ ദുരന്ത നിവാരണ
അതോറിറ്റി ചെയർപേഴ്സൺ

സ്വീകർത്താവ്:

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ സിറ്റി
2. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ റൂറൽ
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തൃശ്ശൂർ
4. ആർ.ഡി.ഒ. തൃശ്ശൂർ, ഇരിങ്ങാലക്കുട
5. എല്ലാ തഹസിൽദാർമാർക്കും
6. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ
7. സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
8. ജില്ലയിലെ എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
9. ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ
10. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറി
11. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ, തൃശ്ശൂർ
12. ജില്ലാ ഇൻഫർമേഷൻ ഓഫീസർ,തൃശ്ശൂർ (മേൽ വിഷയം സംബന്ധിച്ച് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
13. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, തൃശ്ശൂർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻപ്രകാരം



ഡെപ്യൂട്ടി കളക്ടർ ദുരന്ത നിവാരണം